## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1341 — 04.12.2014 ൽ മറുപടിയ്ക്ക്

### സപ്ലൈകോ വിതരണം ചെയ്യുന്ന സബ്സിഡി വസ്തുക്കളുടെ വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; ഓരോ ഇനത്തിനും എന്ത് നിരക്കിലാണ് വില വർദ്ധനയെന്ന് വിശദമാക്കാമോ ;<br><br>(ബി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി വസ്തുക്കളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ; എത്ര തവണ ; എന്ത് നിരക്കിലാണ് വർദ്ധനയെന്ന് വ്യക്തമാക്കാമോ ? | (എ) യും (ബി) യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 06.07.2012 ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർ നിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നു പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം.

നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം ഭക്ഷ്യവസ്തുക്കളുടെ വിലകൾ പുനർനിർണ്ണയം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | 6-7-2012 നു മുമ്പ് നിലവിലുണ്ടായിരുന്ന സബ്സിഡി വില | 6-7-2012 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില | 1-8-2013 മുതൽ പുതുക്കിയ സബ്സിഡി വില | 24-8-2014 മുതൽ പുതുക്കിയ സബ്സിഡി വില | 6-11-2014 മുതൽ പുതുക്കിയ സബ്സിഡി വില | 1-12-2014 മുതൽ പുതുക്കിയ നിലവിലെ സബ്സിഡി വില |
|---|---|---|---|---|---|---|---|
| 1 | ചെറുപയർ | – | 49 | 55 | 55 | 77 | 74 |
| 2 | ഉഴുന്ന് ബോൾ | 36 | 36 | 42 | 42 | 76 | 66 |
| 3 | വൻകടല | 44 | 44 | 45 | 45 | 45 | 43 |
| 4 | വൻപയർ | 26.50 | 26.50 | 35 | 35 | 49 | 45 |
| 5 | തുവരപരിപ്പ് | 34 | 34 | 45 | 45 | 67 | 65 |
| 6 | മുളക് | 45 | 45 | 55 | 75 | 75 | 75 |
| 7 | മല്ലി | 45.90 | 45.90 | 60 | 60 | 112 | 112 |
| 8 | പഞ്ചസാര | 25 | 25 | 26 | 26 | 27.50 | 25 |
| 9 | പച്ചരി | 16 | 16 | 21 | 23 | 23 | 23 |
| 10 | കുറുവ അരി | – | 19 | 21 | 25 | 25 | 25 |
| 11 | മട്ട അരി | 16 | 16 | 21 | 25 | 25 | 25 |
| 12 | ജയ അരി | – | 21 | 21 | 25 | 25 | 25 |
| 13 | വെളിച്ചെണ്ണ | – | 62 | 62 | 125 | 151 | 139 |

Beena

Section Officer